# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3627 20.06.2019 - ൽ മറുപടിയ്ക്ക്

## കാരുണ്യ ഫാർമസികളിലെ മരുന്ന് ക്ഷാമം

| | ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ:<br>ശ്രീ.മോൻസ് ജോസഫ്:<br>ശ്രീ.സി.എഫ്.തോമസ്:<br>ഡോ.എൻ.ജയരാജ്: | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തുന്ന കാരുണ്യ ഫാർമസികളിൽ നിന്നും നിരവധി മരുന്നുകൾ ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ യാതൊരു മൂലധനവുമില്ലാതെ പ്രവർത്തിക്കുന്ന ഒരു സംരംഭമാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി. മരുന്ന് കമ്പനികളിൽ നിന്നും വിലപേശൽ പ്രക്രിയ വഴി 45 ദിവസത്തെ വായ്പാ കാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ചാണ് കാരുണ്യ ഫാർമസികൾ വഴി വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ സംഭരിക്കുന്ന മരുന്നുകൾ കാരുണ്യ ഫാർമസികളിൽ കുറിപ്പടിയുമായി വരുന്ന ഉപഭോക്താക്കൾക്കും, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്ന സർക്കാർ ആശുപത്രികൾക്ക് ധാരണാപത്രം പ്രകാരം വായ്പായിനത്തിലും വിതരണം ചെയ്തുവരുന്നു. മരുന്ന് കമ്പനികൾക്ക് പണം നൽകുന്നത് ഫാർമസികളുടെ വിറ്റുവരവിൽ നിന്നായതിനാൽ സർക്കാർ ആശുപത്രികളിൽ നിന്നുള്ള കിട്ടാക്കടം മരുന്ന സംഭരണ വിതരണത്തെ സാരമായി ബാധിക്കുന്നുണ്ട് എന്നിരുന്നാലും, ഉപഭോക്താക്കൾക്ക് ആവശ്യമുള്ള പരമാവധി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ